# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ചെയർപേഴ്സൺ

**എച്ച്.ആർ.എം.പി. നംമ്പർ : 6503/11/12/2023/ TVM**

പരാതികക്ഷി : സ്റ്റീഫൻ.ആർ, ഷിജു നിവാസ്
മണവാരി,കുന്നത്തുകാൽ,തിരുവനന്തപുരം

എതിർകക്ഷികൾ :

## ഉത്തരവ് തീയതി 08.10.2024

കേസ് നമ്പർ 6503/11/12/2023 പരാതിയിൽ കമ്മീഷൻ ഒരു ഉത്തരവ് 05.09.2024 തീയതി പാസ്സാക്കിയിരുന്നു. പരാതിക്കാരൻ 13.09.2024 തീയതി 10 മണിക്ക് ആർ.സി.സി യിൽ Surgical Oncology (Head and Neck) വിഭാഗം ഒ.പിയിൽ പോകേണ്ടതും ഡോ എലിസബത്ത് മാത്യു ഐപ് പരാതികക്ഷിയെ പരിശോധിച്ച് ആവശ്യമായ തുടർചികിത്സ നൽകേണ്ടതും, പരിശോധനയ്ക്കു ശേഷം ആയതു സംബന്ധിച്ച ഒരു അഡീഷണൽ റിപ്പോർട്ട് 08.10.2024 തീയതിയിലെ സിറ്റിംഗിൽ കമ്മീഷൻ മുമ്പാകെ സമർപ്പിക്കേണ്ടതുമാണെന്ന് പ്രസ്തുത ഉത്തരവിൽ കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ടായിരുന്നു.

കമ്മീഷൻ 05.09.2024 തീയതി പാസ്സാക്കിയ ഉത്തരവ് പ്രകാരം ആർ.സി.സി അഡീഷണൽ ഡയറക്ടർ ഡോ.സജീദ്.എ. ഡോ.എലിസബത്ത് മാത്യു ഐപ് എന്നിവർ നേരിട്ട് ഹാജരായി റിപ്പോർട്ട് സമർപ്പിച്ചു. 08.10.2024 തീയതിയിലെ സിറ്റിംഗിൽ പരാതികക്ഷിയും ഹാജരായി.

കമ്മീഷന്റെ നിർദ്ദേശ പ്രകാരം 13.09.2024 തീയതി രാവിലെ10.30 മണിയോടുകൂടി പരാതികക്ഷി ആർ.സി.സി യിൽ തുടർപരിശോധനയ്ക്കായി എത്തുകയും വിശദമായ പരിശോധനയിൽ നിലവിൽ കാൻസറോ മറ്റ് ഗുരുതര പ്രശ്നങ്ങളോ ഇല്ലായെന്ന് കണ്ടെത്തിയതായും, എന്നാൽ വായിൽ മുടി വളരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും, കാലക്രമേണ മാത്രമെ ഇതിൽ നിന്നും മോചനം ഉണ്ടാകുകയുള്ളുവെന്നും, ആവശ്യമായ ചികിത്സയും നിർദ്ദേശങ്ങളും രോഗിക്ക് നൽകിയിട്ടുണ്ടെന്നും, തുടർന്നും സൗജന്യ ചികിത്സ നൽകാൻ തയ്യാറാണെന്നും ഡോക്ടർമാർ കമ്മീഷനെ അറിയിച്ചു.

പരാതികക്ഷിക്ക് തുടർചികിത്സയ്ക്ക് ആർ.സി.സിയിൽ പോകാൻ താൽപര്യമില്ലായെന്നും, നെയ്യാറ്റിൻകര ജില്ലാ ആശുപത്രിയിൽ പോകുന്നതാണ് സൗകര്യമെന്നും കൂടാതെ ന്യൂറോ സംബന്ധമായ ചികിത്സയ്ക്കായി തിരുവനന്തപുരം മെഡിക്കൽ കോളെജ് ആശുപത്രിയിൽ പോകാമെന്നും അറിയിച്ചു.

ജീവിക്കാൻ വരുമാനമൊന്നും ഇല്ലായെന്നും മക്കൾ സംരക്ഷിക്കുന്നില്ലായെന്നും വരുമാനത്തിനായി ബങ്ക് പോലുള്ള എന്തെങ്കിലും സംരഭം തുടങ്ങാനുള്ള സഹായം കമ്മീഷൻ ഇടപെട്ട് ലഭ്യമാക്കണമെന്നും പരാതികക്ഷി പറയുകയുണ്ടായി.

ആർ.സി.സി അഡീഷണൽ ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ട് കമ്മീഷൻ അംഗീകരിച്ചു. പരാതിക്കാരന്റെ ചികിത്സയുമായി ബന്ധപ്പെട്ട് ഇനിയൊരു ഉത്തരവിന്റെ ആവശ്യമില്ല. തൊഴിൽ സംബന്ധമായ പരാതികക്ഷിയുടെ ആവശ്യത്തിലേയ്ക്കായി പരാതികക്ഷി താമസിക്കുന്ന കുന്നത്തുകാൽ ഗ്രാമപഞ്ചായത്തിനെ സമീപിക്കേണ്ടതാണ്. പരാതികക്ഷിക്ക് ബങ്ക് ലൈസൻസ് അനുവദിക്കാൻ കഴിയുമോ എന്ന കാര്യം പരിശോധിച്ച് 6 ആഴ്ചയ്ക്കുള്ളിൽ തീരുമാനം കൈകൊണ്ട് വിവരം പരാതികക്ഷിയെ അറിയിക്കേണ്ടതാണെന്ന് കുന്നത്തുകാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് നിർദ്ദേശിച്ചുകൊണ്ട് ഈ പരാതി തീർപ്പാക്കുന്നു.

ഉത്തരവിന്റെ പകർപ്പ് കുന്നത്തുകാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി, പരാതികക്ഷി എന്നിവർക്ക് അയച്ചുകൊടുക്കേണ്ടതാണ്.

ഒപ്പ്
ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ചെയർപേഴ്സൺ

//ശരിപ്പകർപ്പ്//

രജിസ്ട്രാർ